# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 4, തിങ്കൾ

**നമ്പർ 187**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം:**

മാവോയിസ്റ്റ് ബന്ധമാരോപിച്ച് കോഴിക്കോട് പന്തീരാങ്കാവിൽ രണ്ട് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് യു.എ.പി.എ. ചുമത്തിയ നടപടി സമൂഹത്തിൽ സൃഷ്ടിച്ചതായി പറയപ്പെടുന്ന ആശങ്കയും അരക്ഷിതാവസ്ഥയുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

**ശ്രദ്ധ ക്ഷണിക്കൽ :**

(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന മയക്കുമരുന്നുവ്യാപാരം തടയുന്നതിന് കർമ്മപദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. സുരേഷ് കുറുപ്പ് തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1301/2019(i).

(2) സംസ്ഥാനത്തെ കായികാദ്ധ്യാപകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സി. കെ. ശശീന്ദ്രൻ | കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766-ലെ യാത്രാനിരോധനം | മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എസ്. ശർമ്മ | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ സ്ഥലമെടുപ്പ് പായ്ക്കേജ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. എസ്. ശിവകുമാർ | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവിതരണം | ഗതാഗത വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. വി. അൻവർ | നാട്ടുകാണി-വടപുറം റോഡ് പുനർനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. ഉമ്മർ | വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ജെ. മാക്സി | പാലക്കാട് മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. എം. ഷാജി | കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ പുതുക്കിപ്പണിയുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. കെ. ശശി | റിസോഴ്സ് അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷ | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം:</u>

(1) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് കൃഷിവകുപ്പുമന്ത്രിയും കമ്മിറ്റി അദ്ധ്യക്ഷനുമായ ശ്രീ. വി. എസ്. സുനിൽ കുമാറിനുവേണ്ടി ശ്രീ. എസ്. ശർമ്മ സമർപ്പിച്ചു.

(2) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ കമ്മിറ്റി റിപ്പോർട്ട് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയും കമ്മിറ്റി അദ്ധ്യക്ഷയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കുവേണ്ടി ശ്രീ. പി. കെ. ശശി സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2- ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയങ്ങളും മന്ത്രി അവതരിപ്പിച്ചു.

2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. ടി. വി. ഇബ്രാഹിം നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ടി. എ. അഹമ്മദ് കബീർ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എൻ. ഷംസുദ്ദീനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഐ. ബി. സതീഷ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എ. എൻ. ഷംസീറും അവതരിപ്പിച്ച് സംസാരിച്ചു.

2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ.മോൻസ് ജോസഫ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എം. ഉമ്മർ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. എം. ഷാജിയും ശ്രീ. കെ. വി. വിജയദാസ് ചുമതലപ്പെടുത്തിയ പ്രകാരം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. സ്വരാജും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങളും ഭേദഗതികളും സഭ തള്ളി. ബില്ലുകൾ സംബന്ധിച്ച് മന്ത്രി അവതരിപ്പിച്ച പ്രമേയങ്ങൾ സഭ അംഗീകരിക്കുകയും രണ്ട് ബില്ലുകളും വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2019 നവംബർ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 4.33-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, November 4, 2019*

**No. 187**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an Adjournment motion given notice of by Shri Thiruvanchoor Radhakrishnan and three other Members regarding the serious situation reported to have arisen due to the apprehension and insecurity created among the people consequent to the arrest of two students who were booked under U.A.P.A. at Pantheerankavu, Kozhikode for their alleged links with Maoists.

In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.

*Calling Attention:*

(1) Shri K. Suresh Kurup called the attention of the Minister for Labour and Excise to the necessity to envisage an action plan to curb the reported increase of illicit narcotic drug trade in the State. The Minister made a statement thereto.

(2) Shri Thiruvanchoor Radhakrishnan called the attention of the Minister for General Education to the necessity to take steps to resolve the various problems faced by the Physical Education teachers in the State. The Minister made a statement thereto.

KNPP. 1301/2019(ii).

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സി. കെ. ശശീന്ദ്രൻ | കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766-ലെ യാത്രാനിരോധനം | മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എസ്. ശർമ്മ | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ സ്ഥലമെടുപ്പ് പായ്ക്കേജ് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. എസ്. ശിവകുമാർ | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവിതരണം | ഗതാഗത വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. വി. അൻവർ | നാട്ടുകാണി-വടപുറം റോഡ് പുനർനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. ഉമ്മർ | വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ജെ. മാക്സി | പാലക്കാട് മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എം. ഷാജി | കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. കെ. ശശി | റിസോഴ്സ് അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷ | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

(1) Shri S. Sarma as authorised by Shri V. S. Sunil Kumar, Minister for Agriculture and Chairman, Subject Committee I presented the Report of the Committee on The Kerala Veterinary and Animal Sciences university (Amendment) Bill, 2019.

(2) Shri P. K. Sasi as authorised by Smt. K. K. Shailaja Teacher, Minister for Health, Social Justice and Women and Child Development and Chairperson, Subject Committee XII presented the Report of the Committee on The Kerala Co-operative Hospital Complex, the Academy of Medical Sciences and Allied Institutions (Taking Over and Administration) Bill, 2019.

*Legislative Business:*

(1) DR. K. T. Jaleel, Minister for Higher Education and Minority Welfare introduced The University Laws (Amendment) Bill, 2019 and The University Laws (Amendment) (No. 2) Bill, 2019 and laid the statements under rule 75(1). The Minister also moved that the Bills be referred to Subject Committee VI—Education.

Smt. Shanimol Osman moved the motion to disapprove The University Laws (Amendment) Bill, 2019 and spoke. Shri T. V. Ibrahim seconded the motion and spoke. Shri N. Samsudheen as authorised by Shri T. A. Ahammed Kabeer

moved an amendment to circulate the Bill for eliciting public opinion and Shri A. N. Shamseer as authorised by Shri I. B. Satheesh moved another amendment for referring the Bill to a Select Committee and spoke.

Shri V. P. Sajeendran as authorised by Shri Roji M. John moved the motion to disapprove The University Laws (Amendment) (No.2) Bill, 2019 and spoke. Shri M. Ummer as authorised by Shri Mons Joseph seconded the motion and spoke. Shri K. M. Shaji moved an amendment to circulate the Bill for eliciting public opinion and Shri M. Swaraj as authorised by Shri K. V. Vijayadas moved another amendment for referring the Bill to a Select Committee and spoke.

The Minister replied to the points raised during the discussion. The ordinance disapproval motions and the amendments moved were declared lost. Then the motions moved by the Minister were adopted and the two Bills were referred to Subject Committee VI—Education.

The House adjourned at 4.33 p.m. to meet again at 9.00 a.m. on Tuesday November 5, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*